DESPATCHED
On...9.1.2020
13.2.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP. 2427(2)/2019/എസ്.ഐ.സി.**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നം. 17147/എസ്.ഐ.സി-ജി 6/2019)**

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീമതി. ലീന എം.ജി,**
**നിമകോട്ടേജ്, കിഴുവിലം പി.ഒ,**
**മാമം, ആറ്റിങ്ങൽ.** } **അപ്പീൽ ഹർജിക്കാരി**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **താലൂക്കാഫീസ്,**
   **ചിറയിൻകീഴ്.**

2. **അപ്പീൽ അധികാരി,**
   **താലൂക്കാഫീസ്,**
   **ചിറയിൻകീഴ്.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24.08.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19.09.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 27.09.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 17.10.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 24.10.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 25.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 06.02.2020 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി.ലീന എം.ജി 24.10.2019 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭ്യമായില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരി 24.08.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 15.06.2019 ലെ അപേക്ഷ നമ്പർ കെ.18–10815/19 ഫയലിൽ കൈയേറ്റക്കാരിൽ ആരെങ്കിലും ലീന, നൗഷാദ് എന്നീ പേരുകളിൽ വ്യാജ ഒപ്പിട്ട് പേപ്പർ ഹാജരാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ "ഉണ്ട്" എന്നും ഇല്ലെങ്കിൽ "ഇല്ല" എന്നും മറുപടി ലഭ്യമാക്കണമെന്നാണ്.

3. രണ്ടാം എതിർകക്ഷി 19.12.2019 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരി 24.08.2019 ന് സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ പരാമർശിക്കുന്ന പ്രകാരം ശ്രീ.നൗഷാദിന്റെയോ ശ്രീമതി ലീനയുടെയോ യഥാർത്ഥ ഒപ്പ് ടി കാര്യാലയത്തിൽ ലഭ്യമല്ലാത്തതിനാലും കൂടാതെ ഏത് വിഷയവുമായി ബന്ധപ്പെട്ട അപേക്ഷയാണെന്നോ ഏത് കാലയളവിലാണ് ആയത് ടി കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ളതെന്നോ അപേക്ഷയിൽ വ്യക്തമാക്കിയിട്ടില്ലാത്തതിനാലും ആയതു കൂടി വ്യക്തമാക്കി അപേക്ഷ സമർപ്പിക്കുവാൻ 23.09.2019 ൽ അപ്പീൽ ഹർജിക്കാരിക്ക് നിർദ്ദേശം നൽകിയിരുന്നു. ടി മറുപടി തൃപ്തികകരമല്ലാത്തതിനാൽ 27.09.2019 ൽ അപ്പീൽ സമർപ്പിക്കുകയും ടി അപ്പീലിന്മേൽ തീർപ്പു കൽപ്പിക്കുന്നതിനായി 17.10.2019 ൽ തിരിച്ചറിയൽ കാർഡ് ഒപ്പ് ഉൾപ്പെട്ടിട്ടുള്ള ആധികാരിക രേഖകൾ സഹിതം ഹാജരാകുവാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ടിയാൾ ഹാജരാകാൻ സാധിക്കില്ലായെന്ന് കാണിച്ച് 21.10.2019 ൽ കത്ത് നൽകുകയാണ് ചെയ്തതെന്നും മറ്റുമാണ്.

4. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 06.02.2020 തീയതി കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരിക്ക് പകരം ടിയാളുടെ ഭർത്താവ് ശ്രീ.നൗഷാദും ഹാജരായിരുന്നു.

5. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച 06.02.2020 ലെ റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരി സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന ശ്രീ.നൗഷാദിന്റെയോ ശ്രീമതി ലീനയുടെയോ യഥാർത്ഥ ഒപ്പ് ടി കാര്യാലയത്തിൽ ലഭ്യമല്ലെന്നും, കൂടാതെ ഏത് വിഷയവുമായി ബന്ധപ്പെട്ട രേഖയെന്നോ, ഏത് കാലയളവിലാണ് ഈ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ളതെന്നോ അപേക്ഷയിൽ വ്യക്തമല്ലായിരുന്നുവെന്നും ഈ വിവരങ്ങൾ കൂടി അപേക്ഷയിൽ ഉൾപ്പെടുത്തിയാൽ മാത്രമേ അത്തരത്തിലൊരു മറുപടി നൽകാൻ കഴിയൂവെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. അപ്പീൽ ഹർജിക്കാരി സമർപ്പിച്ച അപേക്ഷയ്ക്ക് എതിർകക്ഷികൾ സമയബന്ധിതമായി മറുപടി നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. ടി സാഹചര്യത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 13-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**
JN